പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4798

4-7-12 ൽ
മറുപടിക്ക്

## വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ഉമ്മൻചാണ്ടി<br>( ബഹു.മുഖ്യമന്ത്രി) |
| എ) മുഖ്യമന്ത്രിയുടെ ആഫീസും അവിടെ നടക്കുന്ന മുഴുവൻ നടപടികളും വെബ്സൈറ്റിലൂടെ സംപ്രേഷണം നടത്തുന്നുണ്ടോ; | എ) മുഖ്യമന്ത്രിയുടെ ചേമ്പറും ആഫീസ് മുറിയും മുഴുവൻ സമയവും വെബ്സൈറ്റിലൂടെ സംപ്രേഷണം നടത്തുന്നുണ്ട്. |
| ബി) മുഖ്യമന്ത്രിയുടെ ആഫീസിൽ എത്രപേർ പ്രവർത്തിക്കുന്നുണ്ട്. അവർക്കായി എത്ര ഇരിപ്പിടങ്ങൾ ക്രമീകരിച്ചിട്ടുണ്ട്: എത്രപേർ സംപ്രേഷണത്തിന്റെ പരിധിയിൽ വരുന്നുണ്ട്: | ബി) മുഖ്യമന്ത്രിയുടെ മെയിൻ ആഫീസിൽ 20 പേർ പ്രവർത്തിക്കുന്നുണ്ട്. അവർക്കായി 20 ഇരിപ്പിടങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ 12 പേർ സംപ്രേഷണത്തിന്റെ പരിധിയിൽ വരുന്നുണ്ട്. |
| സി) മുഖ്യമന്ത്രിയുടെ ആഫീസിന്റെ ഭാഗമായി ഉന്നതതലങ്ങളിലുള്ളവരുടെ നടപടികൾ സംപ്രേഷണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണ്; | സി) പ്രിൻസിപ്പൽ സെക്രട്ടറിയുടെ ആഫീസ്, പ്രൈവറ്റ് സെക്രട്ടറിയുടെ ആഫീസ് സാമ്പത്തികഉപദേഷ്ടാവിന്റെ ആഫീസ്, പൊളിറ്റിക്കൽ സെക്രട്ടറിയുടെ ആഫീസ്, പ്രസ് സെക്രട്ടറിയുടെ ആഫീസ്, കോൾ സെന്റർ എന്നിവ ചേർന്നതാണ് മുഖ്യമന്ത്രിയുടെ ആഫീസ്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ ആഫീസ് മുറികളുടെ നിർമ്മാണരീതിയുടെ പ്രത്യേകതകൊണ്ട് മുഴുവൻ മുറികളുടേയും സംപ്രേഷണം നിലവിലുള്ള ക്യാമറ ഉപയോഗിച്ച് സാധ്യമല്ല. സംപ്രേഷണം സാധ്യമാക്കുന്നതിന് വളരെയധികം നിർമ്മാണ മാറ്റം വരുത്തേണ്ടതുണ്ട്. ഇത് പരിഗണിക്കാവുന്നതാണ്. |
| ഡി) വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്തുവരുന്നതല്ലാതെ മുഖ്യമന്ത്രിയുടെ ആഫീസുമായി ബന്ധപ്പെട്ട് മറ്റൊരു നടപടികളും നടക്കുന്നില്ല എന്ന് വ്യക്തമാക്കുമോ; | ഡി) വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്നതിനു പുറമേ സാധാരണയുള്ള മന്ത്രി ആഫീസുകളിലെ പ്രവർത്തനങ്ങളാണ് മുഖ്യമന്ത്രിയുടെ ഓഫീസിലും നടക്കുന്നത്. |
| ഇ) മുഖ്യമന്ത്രിയുടെ ആഫീസിന്റെ ഭാഗമായുള്ള എത്ര ശതമാനം ഏരിയ വെബ് സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്നതില്ലെന്ന് വ്യക്തമാക്കുമോ: | ഇ) പ്രധാന ആഫീസിൽ വച്ചിരിക്കുന്ന ക്യാമറയുടെ പരിധിയിൽ വരുന്ന 100% ഏരിയയും വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ